**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3438** **15-02-2024 - ൽ മറുപടിയ്ക്ക്**

**പൊതു വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്നു വിശദമാക്കുമോ; എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. എന്ന നിലവിലെ സംവിധാനത്തിൽ എന്ത് മാറ്റമാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ പരിഷ്കാരത്തിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിലേയ്ക്കായി ശുപാർശ നൽകുന്നതിനായി നിയമിച്ച വിദഗ്ധ സമിതി ശുപാർശകൾ സർക്കാരിന് നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ ഘടനാപരവും ഭരണ നിർവഹണവുമായി ബന്ധപ്പെട്ട സമഗ്ര റിപ്പോർട്ടാണ് സമിതി സമർപ്പിച്ചിട്ടുള്ളത്. ആയത് സർക്കാർ പരിശോധിച്ചുവരികയാണ്. സ്കൂൾ ഏകീകരണം സംബന്ധിച്ച് സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കുന്നതിനായി കോർ കമ്മിറ്റി റിപ്പോർട്ടും സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയതും സർക്കാർ പരിശോധിച്ചുവരുന്നു. ഈ രണ്ട് റിപ്പോർട്ടുകളും പരിശോധിച്ച്, അവയിലെ ഗുണപരമായ നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് സമഗ്രമായ മാറ്റങ്ങൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഇത് സംബന്ധിച്ച നിയമ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ പരിഷ്കാരത്തിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിലേയ്ക്കായി ശുപാർശ നൽകുന്നതിനായി നിയമിച്ച വിദഗ്ധ സമിതി ശുപാർശകൾ സർക്കാരിന് നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ ഘടനാപരവും ഭരണ നിർവഹണവുമായി ബന്ധപ്പെട്ട സമഗ്ര റിപ്പോർട്ടാണ് സമിതി സമർപ്പിച്ചിട്ടുള്ളത്. ആയത് സർക്കാർ പരിശോധിച്ചുവരികയാണ്. സ്കൂൾ ഏകീകരണം സംബന്ധിച്ച് സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കുന്നതിനായി കോർ കമ്മിറ്റി റിപ്പോർട്ടും സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയതും സർക്കാർ പരിശോധിച്ചുവരുന്നു. ഈ രണ്ട് റിപ്പോർട്ടുകളും പരിശോധിച്ച്, അവയിലെ ഗുണപരമായ നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് സമഗ്രമായ മാറ്റങ്ങൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ